**ചരമോപചാരം**

മി. സ്പീക്കർ: ഓർഡർ........... ഓർഡർ.......... ചരമോപചാരം

ഹൈദരലി ശിഹാബ് തങ്ങൾ

മുസ്ലീംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ 06-03-2022-ന് അന്തരിച്ചു.

പുതിയ മാളിയേക്കൽ സയ്യിദ് അഹമ്മദ് പൂക്കോയ തങ്ങളുടെയും സയ്യിദത്ത് ആയിശ ചെറുകുഞ്ഞിബീവിയുടെയും മൂന്നാമത്തെ മകനായി 1947 ജൂൺ 15-ന് ജനിച്ച അദ്ദേഹം പാണക്കാട് ദേവധാർ എൽ.പി. സ്കൂൾ, കോഴിക്കോട് എം.എം. ഹൈസ്കൂൾ, പൊന്നാനി മഊനത്തുൽ ഇസ്ലാം അറബിക് കോളേജ് എന്നിവിടങ്ങളിൽ നിന്നായി പഠനം പൂർത്തിയാക്കി. പട്ടിക്കാട് ജാമിഅ നൂരിയ്യ അറബിക് കോളേജിൽ ചേർന്ന ഹൈദരലി ശിഹാബ് തങ്ങൾ 1975-ൽ ഫൈസി ബിരുദവും കരസ്ഥമാക്കി.

1973-ൽ എസ്.എസ്.എഫ്. രൂപവത്ക്കരിച്ചപ്പോൾ പ്രഥമ പ്രസിഡന്റായി. പതിനെട്ട് വർഷത്തോളം മുസ്ലീംലീഗ് മലപ്പുറം ജില്ലാ പ്രസിഡന്റായിരുന്ന ഹൈദരലി ശിഹാബ് തങ്ങൾ, 2009-ൽ മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണശേഷം മുസ്ലീംലീഗിന്റെ സംസ്ഥാന അധ്യക്ഷനായി. മുസ്ലീംലീഗ് ഉന്നതാധികാര സമിതി ചെയർമാനുമായിരുന്നു.

രാജ്യത്ത് ഏറെ പിരിമുറുക്കം സൃഷ്ടിച്ച ബാബറി മസ്ജിദ് പ്രശ്നത്തിൽ, ഇത്തരം സന്ദർഭങ്ങളിൽ വികാരമല്ല, വിവേകമാണ് സമുദായത്തെ നയിക്കേണ്ടതെന്ന അദ്ദേഹത്തിന്റെ നിലപാട് വളരെ പക്വതയുള്ളതായിരുന്നു. പ്രതിസന്ധികളുടെ കാലഘട്ടത്തിലൂടെ മുസ്ലീംലീഗ് സഞ്ചരിച്ചപ്പോഴും, തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കിയപ്പോഴും അധ്യക്ഷ സ്ഥാനത്തിരുന്ന ഹൈദരലി ശിഹാബ് തങ്ങൾ അര നൂറ്റാണ്ടിലധികം കാലം മത, രാഷ്ട്രീയ, സാമൂഹിക രംഗത്ത് സജീവ സാന്നിധ്യം രേഖപ്പെടുത്തിയാണ് വിട വാങ്ങിയത്. മിതഭാഷിയും സൗമ്യനും എല്ലാവരോടും സൗഹൃദം കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്ന ഹൈദരലി ശിഹാബ് തങ്ങൾ, വ്യത്യസ്ത നിലപാടുകളോടുള്ള വിയോജിപ്പുകൾ വൈരാഗ്യത്തിന്റെ ഭാഷയിൽ ഒരിക്കലും പ്രകടിപ്പിച്ചില്ല. അതുതന്നെയാണ് അദ്ദേഹം ആധുനികസമൂഹത്തെ പഠിപ്പിച്ച പാഠം.

തികഞ്ഞ മനുഷ്യസ്നേഹിയേയും മതസൗഹാർദ്ദം സംരക്ഷിക്കുന്നതിന് ശക്തമായി നിലകൊണ്ട ഒരു നേതാവിനെയുമാണ് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക്

അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)